# നെന്മാണിക്യം

(നോവൽ–13)

ജോൺ ഇളമത

സംഗതികൾ നിസ്സാരമായിരുന്നില്ല. നായർമടാമ്പിമാരായ കോട്ടയിൽ കർത്താക്കന്മാരും വായ്പൂർ പണിക്കർമാരും അവിടെ പ്രമാണിമാരായിരുന്നു.

അവർ എഴുമറ്റൂർ തമ്പുരാക്കളുടെ ആശ്രിതരും ഉപദേശകരും ആയിരുന്നു. ഇടപ്പള്ളി രാജാവിന്റെ ചാർച്ചക്കാരായിരുന്നു എഴുമറ്റൂർ തമ്പുരാക്കൾ.

ഒരു വടക്കൻ നസ്രാണിയുടെ ആഗമനം മാടമ്പിമാരെ പ്രകോപനം കൊള്ളിച്ചു. പ്രത്യേകിച്ച് ഒരു നസ്രാണി പ്രമാണി! എന്നാൽ അന്തോനി അഭയം തേടിയത് ധനികനും വ്യാപാര പ്രമുഖനുമായ മുനമ്പുകോട്ടയിൽ ലൂക്കായുടെ തറവാട്ടിലാണ്.



തച്ചിൽ തരകന്മാർവഴി അന്തോനിക്ക് ലൂക്കായുമായി വ്യാപാരത്തിൽ ബന്ധമുണ്ടായിരുന്നു. നാടുവാഴിത്തമ്പുരാക്കളുടെ ഉറ്റമിത്രമായിരുന്നു ലൂക്കാ.

അന്തോനിയുടെ ആഗമനം ലൂക്കായെ സന്തോഷവാനാക്കി.

വ്യാപാരപ്രമുഖനായ അന്തോനിയെയും പരിവാരത്തെയും ലൂക്കാ അന്തസ്സിനൊത്തവണ്ണം സ്വീകരിച്ചു.

ലൂക്കാ പറഞ്ഞു:
ഇനി അന്തോനിച്ചൻ എങ്ങോട്ടേക്കും പോകേണ്ട. നമ്മുക്കിവിടെ കൂടാം കൂട്ടുവ്യാപാരികളായി.

അതുതന്നെയാ ഞാനും നിരുവിക്കുന്നത്. ബ്രിട്ടീഷുകാർ വന്നതോടുകൂടി, ഇവിടത്തെ നസ്രാണികൾക്ക് ഇരിക്കപ്പൊരുതിമുട്ടി.

ലൂക്കാ പൊട്ടിച്ചിരിച്ചു: എന്തോന്ന്?

അടയ്ക്കയും വെറ്റിലയും പുകലയും കൂട്ടി മുറുക്കിയ ചുവന്ന ചാറ് ചാരിക്കിടക്കാവുന്ന ചൂരൽക്കസേരയിൽ നിന്നെണീറ്റ് ഇറയത്തേക്കു വന്നു നീട്ടിത്തുപ്പി ലൂക്കാ തുടർന്നു:

ചുമ്മാ ഇരുന്നു തിന്നാനും കുടിക്കാനും ചൂതുകളിക്കാനുമല്ലാണ്ട് ഈ മാടമ്പിമാർക്ക് എന്തോന്നു കഴിവ്? വിയർപ്പുപൊടിയാതെ സുഖിച്ചു കഴിയുക!

പൊന്നും പണവും ആരാ ഒണ്ടാക്കുന്നന്നേ? തലമണ്ട ഒള്ളോർ. അതിനു നസ്രാണിയെ പഴിച്ചിട്ട് എന്തോന്നു കാര്യം? ഖജനാവ് കാലിയാകുമ്പം, നാടുവാഴി കുറുപ്പിനേം പണിക്കരേം ഇങ്ങോട്ടു വിടും, വേണ്ടതു കൊടുത്ത് അവരെ തൃപ്തരാക്കും. പിന്നെ ശണ്ഠയ്ക്കെന്നും പറഞ്ഞ് ഇങ്ങോട്ട് വരാമ്പറ്റ്വോ? പ്രത്യേകിച്ച് നാടു

വാഴിക്ക, അവരേക്കാളേറെ കുറെന്നോടാ. കാശിനു കാശു വേണേ കാര്യങ്ങള് നട ന്നുപോവാൻ.

ങാ, ഇതൊക്കെത്തന്നാ കൊച്ചീരാജ്യത്തും നടക്കുന്നേ, നസ്രാണീടെ കാശു വേ ണം ഖജനാവ് വീർപ്പിക്കാൻ. എന്നിട്ട് അവരെ നിരത്താനുള്ള തന്ത്രങ്ങളാ പാലിയ ത്തച്ചന്റെ ബുദ്ധീല്.

ഒന്നും നടക്കത്തില്ലന്നേ. ലൂക്കാ എണീറ്റ് ഒന്നുകൂടി നീട്ടിത്തുപ്പി. ബ്രിട്ടീഷ് കേറി ക്കേറി വരികയല്ലേ? സൂത്രത്തി അവർ തിരുവിതാംകൂറും കൊച്ചീം കൈക്കലാ ക്കും.

കേട്ടിട്ടില്ലേ, മുട്ടനാടുകൾ ശക്തികാട്ടാൻ തമ്മിലിടിക്കുമ്പം പൊറകീന്ന് ചെന്നായ് വന്നു പിടിക്കുന്നത്. അതുപോലെ വെള്ളക്കാരന്റെ തന്ത്രം.

അതിനിവിടത്തെ നസ്രാണികളെന്തോ പെഴച്ചു? ശീമേന്നു വന്നോരല്ല ഇവിടത്തെ നസ്രാണികള്. ഇവിടെത്തന്നെ ജനിച്ചുവളർന്നോരാ.

ങാ, അതൊന്നും നമ്മളു പറയാം നിക്കണ്ട. പറഞ്ഞാ പൊല്ലാപ്പാ. ഒള്ള കഞ്ഞീംകൂ ടെ പാറ്റ വീഴും.

ദേ, നോക്ക്, ഇക്കണ്ട ഭൂമി മുഴുവൻ ആരാ ഇപ്പരുവോത്തി ആക്കീത്? പാവപ്പെട്ട ന സ്രാണികള്. അവരടെ ചോരേം നീരുമാ..വേർപ്പും കണ്ണീരും. അതാ ഈ മണ്ണിന്റെ കൂറ്. എന്നിട്ട് കർത്താക്കന്മാരും പണിക്കർമാരും മറ്റു മാടമ്പിമാരും എന്തോന്നാ ചെയ്യുന്നേ? വിരോധം തീർക്കാനല്ലേ നസ്രാണികളെ നൊകത്തേ കെട്ടി അടി ക്കുന്നേ?

കണ്ടില്ല കേട്ടില്ല എന്നങ്ങു വെച്ചേക്കണം.

ന്നാലും കാണുമ്പം ഉള്ളിലൊരു വല്ലായ്ക.

ലൂക്കായുടെ ചെങ്ങാതിയായ അന്തോനിയെ കാലക്രമേണ കർത്താക്കന്മാരും പ ണിക്കർമാരും അംഗീകരിച്ചു. തുടർന്ന് ഉറ്റ ചങ്ങാത്തവുമായി. കള്ളുകുടിക്കാനും ചൂതുകളിക്കാനുമായി അവർ അവരോടൊപ്പംകൂടി. ആവഴി അന്തോനിയും എഴു മറ്റൂർ തമ്പുരാക്കളുടെ കൂറ് പിടിച്ചുപറ്റി.

ചെങ്ങാത്തം മൂത്തപ്പോൾ കോട്ടയിൽ കർത്താവിന്റെ ഇരുപത്തഞ്ചേക്കർ വനം അ ന്തോനിക്കു സഹായവിലയ്ക്കു കിട്ടി.

കാടു വെട്ടിത്തെളിച്ച് കുന്നിൻപുറത്ത് തേക്കും വീട്ടിയുംകൊണ്ട് മനോഹരമായ ഒ രു മൂന്നുകെട്ടു പണിതു. പനയോലയും ഇഞ്ചപ്പുല്ലുംകൊണ്ട് അതിന്റെ മേൽക്കൂര കെട്ടി.

അന്തോനിക്കും കുടുംബത്തിനും അതു ധാരാളമായിരുന്നു. ആശ്രീതർക്കും സേവ കർക്കും കുടിലുകൾ കെട്ടാനുള്ള സ്ഥലം കൊടുത്തു.

മൂന്നാനകളെ വീടിനു പിറകിലുള്ള രണ്ടു വലിയ ആഞ്ഞിലിയിലും ഒരു മാവിലു മായി തളച്ചു. അതൊരു തറവാട്ടുശാഖയുടെ തുടക്കമായിരുന്നു.

ആയിടെ കോട്ടയിൽ കർത്താവിന്റെ ഒരു ദൂതൻ അന്തോനിയുടെ അടുത്തേക്ക് ഓ ടിയെത്തി.

മാളോരേ, ശാസ്താംകോവിലെ കൊച്ചയ്യപ്പൻ പിണങ്ങി. അവിടന്ന് വെക്കം എത്താൻ തമ്പുരാൻ കല്പിച്ചു.

ആനചികിത്സയിലും മർമ്മാണിവിദ്യയിലും അന്തോനിക്കുള്ള വൈഭവം കർത്താക്കൾക്ക് നന്നേ അറിയാമായിരുന്നു.

ഒരിക്കൽ കൊച്ചയ്യപ്പന്റെ തുമ്പിക്കൈയുടെ അറ്റം മുറിഞ്ഞു പഴുത്തു. അന്തോനിയാണ് ചികിത്സിച്ചു ഭേദപ്പെടുത്തിയത്. കാട്ടിലെ പച്ചമരുന്നുകൾ അരിച്ചെടുത്തു മുറിവിൽ പുരട്ടി. മൂന്നാംദിവസം മുറിവ് ഉടങ്ങി. ആന ചികിത്സയും മർമ്മാണി വിദ്യയും പരമ്പരാഗതമായി കിട്ടിയിട്ടുള്ളതാണ്. അതിന് പ്രത്യേകം ഓലക്കരണങ്ങളൊന്നുമില്ല. പ്രത്യേകിച്ചും അത് ഓലയിൽ എഴുതരുതെന്നാണ് മുത്തച്ഛന്മാർ തുടങ്ങിയുള്ളവരുടെ പ്രമാണം. ഓലക്കരണം കൈമാറിപ്പോകുകയോ മോഷണംപോകുകയോ ചെയ്താൽ അത്തരം വിദ്യകളുടെ അവകാശവാദം പലരും ചോർത്തിയെടുത്തേക്കാം.

കാലാകാലങ്ങളായി ഒരു ചെവിയിൽനിന്ന് മറുചെവിയിലേക്ക് പകർന്ന വിദ്യ തറവാടിന്റെ അഭിമാനസമ്പത്താണ്.

നീ പൊക്കോ, ഞാനുടൻ എത്തിയേക്കാം.

ദൂതൻ വന്നവഴി പാഞ്ഞുപോയി. കൊച്ചയ്യപ്പൻ അത്ര ലക്ഷണമൊത്തവനല്ല. എങ്കിലും ഉയരത്തിൽ മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ ആനയാണ്. നീണ്ടു വളഞ്ഞതെങ്കിലും കീഴാക്കംതൂങ്ങുന്ന കൊമ്പുകൾ, നീളംകുറഞ്ഞ വാൽ എന്നീ ലക്ഷണക്കേട് ഇല്ലായിരുന്നെങ്കിൽ അവനെ വെല്ലാനാരും ഉണ്ടാവില്ലായിരുന്നു. എങ്കിലും വലിപ്പത്തിനനുസരിച്ച് വലിയ ചെവികൾ ആലവട്ടം വീശിനില്ക്കുമ്പോൾ അവനെ ആരുമൊന്നു നോക്കിപ്പോകും.

അവനത്ര സൽപ്പേരില്ല. മുമ്പുണ്ടായിരുന്ന രണ്ടു പാപ്പാന്മാരെ അവൻ വകവരുത്തിയിട്ടുണ്ട്.

ഒരു കാര്യം ശരിയാണ്. സ്നേഹിച്ചാൽ അവൻ നല്ലവനാണ്. പിണങ്ങിയാൽ ചെകുത്താനും. രണ്ടു തവണ കൂപ്പിൽ തടിപിടിക്കാൻ കൊണ്ടുപോയപ്പോഴാണ് അവൻ പാപ്പാന്മാരെ വകവരുത്തിയത്.

എത്രഭാരവും അവൻ വഹിക്കും. അതിനിടെ അവനെ കണക്കിലേറെ ശിക്ഷിച്ചാൽ അവൻ പിശാചാകും.

അതുകൊണ്ട് അവന്റെ കൂപ്പിലെ പണിനിർത്തി. ശാസ്താംകോവിലിൽ തിടമ്പെഴുന്നള്ളിക്കാൻ മാത്രം നിർത്തിയിരിക്കുകയാണ്.

നെറ്റിപ്പട്ടംകെട്ടി ശാസ്താവിന്റെ തിടമ്പേറ്റി നില്ക്കുമ്പോൾ അവനെ കാണാൻ പ്രത്യേക ചന്തമുണ്ട്.

വടക്കുംകൂർ രാജാവ്, ചാർച്ചക്കാരനായ എഴുമറ്റൂർ തമ്പുരാന് ദാനം ചെയ്തതാണവനെ. അവന്റെ ഇഷ്ടഭോജ്യങ്ങൾ ശർക്കരയും പഴവുമാണ്. അത് നിത്യവും കിട്ടുകതന്നെ വേണം.

കൊച്ചയ്യന്റെ പിണക്കം പെട്ടെന്നായിരുന്നു. മദമിളകിയ യാതൊരു ലക്ഷണവും കണ്ടില്ല. പതഗിരി വരികയോ മദജലം പൊടിയുകയോ ചെയ്ത ലക്ഷണങ്ങളും കണ്ടില്ല.

തിടമ്പെഴുന്നള്ളിക്കുന്നതിനിടെ നമ്പൂതിരിയെ കുലുക്കി താഴെയിട്ടു. നിലയ്ക്കുനിർത്താൻ ചെന്ന ഓന്നാംപാപ്പാനെ തുമ്പിക്കൈയിൽ ചുരുട്ടി മുകളിലേക്കെറിഞ്ഞു. താഴെവീണ പാപ്പാനെ നിർദ്ദയം ചവുട്ടിയരച്ചു തുമ്പിക്കെ ആകാശത്തിലേക്ക് ചുരുട്ടിയെറിഞ്ഞു കൊലവിളിച്ചു. എല്ലാം ഞൊടിയിടെ നടന്നു.

പിന്നെ ഒരു താണ്ഡവനൃത്തമായിരുന്നു.

എഴുന്നള്ളത്തും ദീപാരാധനയും കാണാനെത്തിയ ഭക്തർ ചിതറിയോടി. രണ്ടാം പാപ്പാൻ അകലെ മാറി അന്തംവിട്ടുനിന്നു ഭയചികതനായി.

(തുടരും..........)

************************************